പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 196 08.02.2016-ന് മറുപടി നൽകേണ്ടത്

## കേന്ദ്ര ഗവൺമെന്റിന് നൽകിയ നിവേദനം

ചോദ്യം — ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന സംഘം എത്ര തവണ ഡൽഹി സന്ദർശിച്ച് പ്രധാനമന്ത്രിയേയും കേന്ദ്രമന്ത്രിമാരെയും കണ്ട് നിവേദനങ്ങൾ നൽകുകയുണ്ടായി; | (എ) | 11 തവണ |
| (ബി) | ഈ സന്ദർശനങ്ങളുടെ ഭാഗമായി എന്തെല്ലാം ആവശ്യങ്ങൾ നിവേദനമായി സമർപ്പിച്ചു.; ഈ ആവശ്യങ്ങളിൽ അംഗീകരിച്ച് നടപ്പിൽ വരുത്തിയവ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള നിവേദനങ്ങളാണ് പല തവണയായി കേന്ദ്രസർക്കാരിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളത്. അവസാനമായി 2015 ഡിസംബർ 15-ാം തീയതി മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾ നിവേദനത്തിലൂടെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു.<br>1. മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട വിഷയങ്ങൾ<br>2. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അന്തിമ നോട്ടിഫിക്കേഷൻ സംബന്ധിച്ച വിഷയങ്ങൾ<br>3. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ<br>4. റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ<br>5. സംസ്ഥാനത്തേയ്ക്കുള്ള ഭക്ഷ്യധാന്യ ലഭ്യത 14.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 16.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക<br>6. 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുമ്പോൾ അനാഥരുടെയും സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെയും താത്പര്യം സംരക്ഷിക്കുക<br>7. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി<br>8. കേരളത്തിലെ സബർബൻ റയിൽവേ<br>9. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിന് സാമ്പത്തിക സഹായം<br>10. കേരളത്തിൽ എയിംസ് (AIIMS) അനുവദിക്കുക<br>11. നിലമ്പൂർ-നഞ്ചംകോട് റെയിൽവേ ലൈൻ<br>12. തിരുവനന്തപുരത്തുള്ള ആർ.സി.സി.യെ നാഷണൽ കാൻസർ സെന്ററായി ഉയർത്തുക<br>13. മലബാർ കാൻസർ സെന്ററിനെ റീജിയണൽ കാൻസർ സെന്ററായി ഉയർത്തുക<br>14. കേരളത്തിൽ 'എയർ കേരള എക്സ്പ്രസ്' നടത്തിപ്പ് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | 15. ഗൾഫ് സെക്ടറിലേയ്ക്കുള്ള യാത്രാക്കൂലിയുടെ നിയന്ത്രണം.<br>16. പാലോട് JNTBGRI കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച്<br>17. എൽ.എൻ.ജി. ക്കു വേണ്ടി ഗെയിലിന്റെ പൈപ്പിടൽ സംബന്ധിച്ച് |
| (സി) | കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റുകളിലുടെയും മറ്റ് നിലയിലും നേരത്തെ സംസ്ഥാനത്തിന് പ്രഖ്യാപിച്ചതോ, ഉറപ്പ് നല്കിയതോ ആയ എന്തെല്ലാം ആവശ്യങ്ങൾ നടപ്പിലാക്കാതെ അവശേഷിക്കുന്നു; | (സി) യും (ഡി) യും | സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അവ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ സമർപ്പിച്ച നിവേദങ്ങളിൽ ഏതെല്ലാം ആവശ്യങ്ങൾ ഇപ്പോഴും തീരുമാനത്തിനായി കേന്ദ്ര ഗവൺമെന്റ് പരിഗണനയിലിരിക്കുന്നു; വിശദാംശങ്ങൾ നല്കുമോ ? | | |

സെക്ഷൻ ഓഫീസർ